Mr. P. Govinda Menon (*Minister for Finance and Law*): The answer to sub-division (d) should be 'Yes' and not 'no'.

Mr. C. V. Iyyu (*Kunnamkulam*): May I know whether any interest was paid for the amount.

Mr. P. Govinda Menon (*Minister for Finance and Law*): No interest has been taken.

Mr. C V. Iyyu (*Kunnamkulam*) My question was whether any interest was paid to the depositor.

AZHICODE PRIMARY SCHOOL—RAISING INTO HIGH SCHOOL

216 (106) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

അഴീക്കോട് വില്ലേജിലെ ഏക വിദ്യാലയമായ അഴീക്കോട് പ്രൈമറി സ്കൂൾ ഒരു ലോവർ സെക്കണ്ടറി സ്കൂളായി ഉയർത്തുവാൻ ഗവൺമെണ്ട് ഒരുക്കമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അഴീക്കോട്ടുനിന്ന് ഏറിയാടിലേക്ക ഏകദേശം രണ്ട നാഴിക ദൂരമേയുള്ള. ഏറിയാടിൽ ഒരു ഗവൺമെണ്ട് ഹൈസ്കൂൾ ഉണ്ട്. കഴിഞ്ഞ സ്കൂൾവർഷത്തിൽ അഴീക്കോട്ടുനിന്ന് ഏറിയാട് ഹൈസ്കൂളിൽ പോയിരുന്ന കുട്ടികളുടെ എണ്ണം ഒന്നാംഫാറത്തിൽ ഒമ്പതും, രണ്ടാം ഫാറത്തിൽ ഒമ്പതും മൂന്നാം ഫാറത്തിൽ ഏഴും ആയിരുന്നു. ഈ സ്കൂൾവർഷത്തിലെ കണക്ക കിട്ടിയിട്ടില്ല. മേല്പറഞ്ഞ കണക്കുകൾകൊണ്ട്, അഴീക്കോട്ടിലേക്ക തല്ക്കാലം പ്രത്യേകമായി ഒരു ലോവർസെക്കണ്ടറി സ്കൂൾ ആവശ്യമില്ലെന്നാണ തോന്നുന്നത്.

മിസ്റ്റർ പെരുമ്പാസ്സ്രൻ തോപ്പിൽ: അഴീക്കോട് മുസ്ലീമിങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമായതുകൊണ്ട്, അവിടെനിന്ന രണ്ടുനാഴിക ദൂരെ പോയിട്ടുവേണം അവർക്ക പഠിക്കുവാൻ, പ്രത്യേകിച്ച അവരുടെ പെൺകുട്ടികൾക്ക പഠിക്കുവാൻ അഴീക്കോട്ടുള്ള ഇപ്പോഴത്തെ പ്രൈമറി സ്കൂൾ ലോവർസെക്കണ്ടറിയായിട്ട് ഉയർത്തുകയാണെങ്കിൽ വലിയ ഉപകാരമായിരിക്കും. ഇതിനെപ്പറ്റി ഗവൺമെണ്ടിനു വേണ്ടതു ചെയ്യുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ ചെയ്യുവാൻ ആഗ്രഹമുണ്ട്.

ASSAULT ON KANNAN KUNJAYYAPPAN—COMPLAINTS REGARDING

217. (345) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന സദയം മറുപടി പറയുമോ.—

(എ) [illegible] തുലാം ഒന്നാം കോപ്പിള്ളിപ്പാടത്തു താമസിക്കുന്ന കണ്ണൻ കുഞ്ഞയ്യപ്പൻ എന്നാളെ ചേലക്കാട്ടുകരവെച്ചു ദേഹോപദ്രവം ഏല്പിച്ചിരിക്കുന്നുവെന്ന ഒരു ആവലാതി ആമ്പല്ലൂർ പോലീസിനു കിട്ടിയിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് [illegible] [illegible]ലെ കാഹളം പത്രത്തിൽ ഉള്ള റിപ്പോർട്ടിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) [illegible]—ൽ കാഹളം പത്രം ഉണ്ടായിരുന്നില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കാഹളം പത്രത്തിൽ റിപ്പോർട്ട് ഉണ്ടായിരുന്നില്ല എന്നൊ, അതോ കാഹളം പത്രം ആ തിയ്യതിൽ ഉണ്ടായിരുന്നില്ല എന്നൊ പറയുന്നത്?

മിസ്റ്റർ പി ഗോവിന്ദമേനോൻ: ആ തിയ്യതിയിൽ കാഹളം പത്രം ഉണ്ടായിരുന്നില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ കേസ്സ് ചാർജ്ജ്ചെയ്ത വല്ല നടപടിയും എടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

INTRODUCTION OF SHIFT SYSTEM IN AIDED PRIMARY SCHOOLS—PARTICULARS OF

218. (264) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എയിഡഡ് പ്രൈമറി സ്കൂളിൽ ഷിഫ്ട് സമ്പ്രദായം ഏർപ്പെടുത്തണമെന്ന ഗവൺമെണ്ട് കല്പന റദ്ദുചെയ്തുകൊണ്ട് ഗവൺമെണ്ട് കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly